REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 08-04-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- കേരളം ഉൾപ്പടെ 12 സംസ്ഥാനങ്ങളിലും ജമ്മുകശ്മീരിലും ലോക്സഭാ തിരഞ്ഞെടുപ്പിലെ നാമനിർദ്ദേശ പത്രിക പിൻവലിക്കാവുന്ന സമയപരിധി ഉച്ചകഴിഞ്ഞ് മൂന്നിന് സമാപിക്കും. സ്ഥാനാർത്ഥികളുടെ ചിഹ്നം ഇതിനു ശേഷം ഔദ്യോഗികമായി അനുവദിക്കും.
- രണ്ടാം UPA ഗവൺമെന്റിന്റെ കാലത്ത് ഒപ്പുവെച്ച ആസിയാൻ കരാറാണ്, കേരളത്തിലെ റബർ വിലത്തകർച്ചയ്ക്ക് കാരണമായതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- പ്രധാനമന്ത്രി നരേന്ദ്രമോദി ഛത്തീസ്ഗഡിലും മഹാരാഷ്ട്രയിലും ഇന്ന് തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ പങ്കെടുക്കും.
- ഈദുൽ ഫിത്തർ ആഘോഷത്തിന് വിശ്വാസികൾ തയ്യാറെടുക്കുന്നു,
- പൂക്കോട് വെറ്ററിനറി കോളജ് വിദ്യാർഥി J.S സിദ്ധാർഥന്റെ മരണത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ തെളിവെടുപ്പ് ഇന്ന് തുടങ്ങും.
- IPL ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ്, കൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും.

## വാർത്തകൾ വിശദമായി

**കേരളം ഉൾപ്പടെ 12 സംസ്ഥാനങ്ങളിലും ജമ്മുകശ്മീരിലും ലോക്സഭാ തെരഞ്ഞെടുപ്പിലെ നാമനിർദ്ദേശ പത്രിക പിൻവലിക്കാവുന്ന സമയപരിധി**

ഉച്ചകഴിഞ്ഞ് മൂന്നിന് സമാപിക്കും. 89 സീറ്റുകളിലാണ് രണ്ടാം ഘട്ടത്തിൽ ഈ മാസം 26 ന് വോട്ടെടുപ്പ് നടക്കുന്നത്. വൈകിട്ടോടെ ഈ മണ്ഡലങ്ങളിലെ അവസാന മത്സരചിത്രം വ്യക്തമാകും.

സ്ഥാനാർത്ഥികളുടെ ചിഹ്നം വൈകിട്ട് മൂന്നിന് ശേഷം തെരഞ്ഞെടുപ്പ് കമ്മീഷൻ ഔദ്യോഗികമായി അനുവദിക്കും. പത്രിക പിൻവലിക്കാവുന്ന സമയം അവസാനിച്ചശേഷമായിരിക്കും ചിഹ്നങ്ങൾ നൽകുന്നത്.

മൂന്ന് മുന്നണികളുടെയും പ്രചാരണം സംസ്ഥാനത്ത് വൻചൂടിനെയും അതിജീവിച്ച് മുന്നേറുകയാണ്. ദേശീയ- സംസ്ഥാന നേതാക്കൾ സ്ഥാനാർത്ഥികൾക്കായി പൊതുയോഗങ്ങളിലും റോഡ്ഷോകളിലും പങ്കെടുക്കുന്നുണ്ട്.

തൃശ്ശൂരിൽ UDF സ്ഥാനാർത്ഥിക്കായി കർണാടക ഉപ മുഖ്യമന്ത്രി DK ശിവകുമാർ പൊതുയോഗത്തിൽ പങ്കെടുത്തു.

✪✪✪

രണ്ടാം UPA ഗവൺമെന്റിന്റെ കാലത്ത് ഒപ്പുവെച്ച ആസിയാൻ കരാറാണ്, കേരളത്തിലെ റബറടക്കം ഉത്പന്നങ്ങളുടെ വിലത്തകർച്ചയ്ക്ക് കാരണമായതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അഭിപ്രായപ്പെട്ടു. വിലക്കുറവിനെ തുടർന്ന് നട്ടം തിരിയുന്ന കർഷകരെ സഹായിക്കേണ്ട ബാധ്യത കേന്ദ്രത്തിന്റേതാണെന്നും അദ്ദേഹം പറഞ്ഞു. അടൂരിൽ LDF സ്ഥാനാർത്ഥി ഡോ. തോമസ് ഐസകിന്റെ തെരഞ്ഞെടുപ്പ് പ്രചാരണത്തിനെത്തിയതായിരുന്നു മുഖ്യമന്ത്രി.

പാനൂരിലെ ബോംബ് നിർമ്മാണവുമായി ബന്ധപ്പെട്ട കേസിൽ ശക്തമായ നടപടിയുണ്ടാകുമെന്ന് മുഖ്യമന്ത്രി അറിയിച്ചു. ബോംബ് ഉണ്ടാക്കേണ്ട സാഹചര്യം സംസ്ഥാനത്ത് ഇല്ലെന്നും അംഗീകരിക്കാനാവാത്ത ഈ നടപടിയെ രാഷ്ട്രീയമായി കാണേണ്ടതില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു.

ബോംബ് പൊട്ടി മരിച്ചയാളുടെ വീട്ടിൽ ഇടതു നേതാക്കൾ സന്ദർശനം നടത്തിയത് സമൂഹജീവിതത്തിന്റെ ഭാഗമായാണെന്നും മരണ വീട്ടിൽ പോയി ആശ്വസിപ്പിക്കുന്നത് നാട്ടുവഴക്കമാണെന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

ആദായനികുതി വകുപ്പിന്റെ അനാവശ്യ നടപടികളാണ് BBC യുടെ ഇന്ത്യയിലെ ന്യൂസ് റൂം അടക്കാനുണ്ടായ കാരണം. അനുസരണയോടെ മുട്ടിലിഴയുന്ന മാധ്യമങ്ങളെയാണ് കേന്ദ്രത്തിനാവശ്യം. അതുകൊണ്ടുതന്നെ വേൾസ് പ്രസ് ഫ്രീഡം ഇൻഡക്സിൽ ഇന്ത്യയുടെ സ്ഥാനം അടിക്കടി പിന്നോട്ട് പോകുകയാണെന്നും പിണറായി വിജയൻ പറഞ്ഞു.

✪✪✪

പാനൂരിലെ ബോംബ് നിർമ്മാണ സംഭവത്തിൽ മുഖ്യമന്ത്രിയ്ക്കും CPIM നും ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിയാനാവില്ലെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ തിരുവനന്തപുരത്ത് പറഞ്ഞു. സംഭവത്തിൽ മരിച്ചയാളും പരിക്കേറ്റവരും CPIM പ്രവർത്തകരാണ്. അതുകൊണ്ടുതന്നെ ബോംബുണ്ടാക്കിയത് ആരാണെന്ന് വ്യക്തമാണ്. ആർക്കെതിരെ ഉപയോഗിക്കാനാണ് ബോംബുണ്ടാക്കിയതെന്ന് പറയേണ്ടത് CPIM ആണെന്നും സതീശൻ അഭിപ്രായപ്പെട്ടു.

✪✪✪

ഇന്ത്യാ സഖ്യത്തിന്റെ യഥാർത്ഥ വക്താക്കൾ ഇടതുപക്ഷമാണെന്നും കോൺഗ്രസ്സ് അല്ലെന്നും CPI സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം പറഞ്ഞു. കണ്ണൂർ പ്രസ്സ് ക്ലബ്ബിൽ സംഘടിപ്പിച്ച മുഖാമുഖം പരിപാടിയിൽ സംസാരിക്കയായിരുന്നു അദ്ദേഹം.

പാനൂരിലെ ബോംബ് രാഷ്ട്രീയം LDF രാഷ്ട്രീയമല്ലെന്നും അതുമായി ബന്ധപ്പെട്ട കാര്യങ്ങളെല്ലാം തന്നെ CPIM സംസ്ഥാന പാർട്ടി സെക്രട്ടറി MV ഗോവിന്ദൻ പറഞ്ഞിട്ടുണ്ടെന്നും ബിനോയ് വിശ്വം അറിയിച്ചു.

✪✪✪

മുതിർന്ന BJP നേതാവ് പ്രധാനമന്ത്രി നരേന്ദ്രമോദി ഛത്തീസ്ഗഡിലെ ബസ്തർ ഡിവിഷനിൽ തെരഞ്ഞെടുപ്പ് പൊതുയോഗത്തെ അഭിസംബോധന ചെയ്യും. ആംബൽ ഗ്രാമത്തിലെ വിജയ് സങ്കൽപ് ശംഖനാദ് റാലിയോടെ ഛത്തീസ്ഗഡിലെ ലോക്സഭാ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് അദ്ദേഹം തുടക്കം കുറിയ്ക്കും.

മഹാരാഷ്ട്രയിലെ ചന്ദ്രപൂരിലും വൈകിട്ട് അദ്ദേഹം പ്രചാരണ പരിപാടിയിൽ സംബന്ധിക്കും. മോർവ എയർപോർട്ട് ഗ്രൗണ്ടിൽ പൊതുയോഗത്തെ അഭിസംബോധന ചെയ്യുന്ന പ്രധാനമന്ത്രിയോടൊപ്പം BJP മഹായുതി സഖ്യ നേതാക്കളും പങ്കുചേരും.

✪✪✪

കേരളത്തിൽ 50 ലക്ഷം പേർക്ക് മുദ്ര ലോൺ നൽകാൻ കേന്ദ്ര ഗവൺമെന്റിന് കഴിഞ്ഞെന്ന് BJP കേരള പ്രഭാരി പ്രകാശ് ജാവ്ദേക്കർ പറഞ്ഞു. NDA തിരൂർ നിയോജക മണ്ഡലം കൺവൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നിയമ സഭയിൽ പ്രതിനിധ്യം ഇല്ലാതിരുന്നിട്ടും നരേന്ദ്രമോദി ഗവണ്മെന്റ് സൗജന്യ അരി അടക്കം ഒട്ടേറെ പദ്ധതികൾ സംസ്ഥാനത്ത് നടപ്പാക്കിയെന്നും ജാവ്ദേക്കർ പറഞ്ഞു.

✪✪✪

ആലപ്പുഴ ജില്ലയിലെ മാവേലിക്കര ലോക്സഭാ മണ്ഡലത്തിൽ തെരഞ്ഞെടുപ്പ് പ്രചാരണം ഊർജിതമായി. സ്ഥാനാർത്ഥികൾ മണ്ഡലത്തിൽ രണ്ടാംഘട്ട മണ്ഡലപര്യടനത്തിലാണ്

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി R. രവികുമാർ.

...........(വോയ്സ്).............

✪✪✪

കോഴിക്കോട് ലോക്സഭാ മണ്ഡലത്തിലെ UDF സ്ഥാനാർഥി MK രാഘവൻ കൊടുവള്ളി മണ്ഡലത്തിലെ പര്യടനം തുടങ്ങി. കോഴിക്കോട് ലോക്സഭാ മണ്ഡലം LDF സ്ഥാനാർത്ഥി എളമരം കരീം കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിലെ മെഡിക്കൽ കോളേജ് ഭാഗത്ത് പ്രചരണം നടത്തുന്നു. NDA സ്ഥാനാർഥി M.T രമേശ് ഉച്ചവരെ കുന്ദമംഗലം മണ്ഡലത്തിലും ഉച്ചക്ക് ശേഷം ചേളന്നൂരിലും പര്യടനം നടത്തും.

✪✪✪

കോഴിക്കോട് ലോക്സഭാ മണ്ഡലത്തിലെ UDF സ്ഥാനാർഥി MK രാഘവൻ കൊടുവള്ളി മണ്ഡലത്തിലെ പര്യടനം തുടങ്ങി. കോഴിക്കോട് ലോക്സഭാ മണ്ഡലം LDF സ്ഥാനാർത്ഥി എളമരം കരീം കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിലെ മെഡിക്കൽ കോളേജ് ഭാഗത്ത് പ്രചരണം നടത്തുന്നു. NDA സ്ഥാനാർഥി M.T രമേശ് ഉച്ചവരെ കുന്ദമംഗലം മണ്ഡലത്തിലും ഉച്ചക്ക് ശേഷം ചേളന്നൂരിലും പര്യടനം നടത്തും.

✪✪✪

മൂന്ന് സേനാ വിഭാഗങ്ങളുടെയും സംയുക്ത സമ്മേളനമായ പരിവർത്തൻ ചിന്തൻ ഇന്ന് ന്യൂഡൽഹിയിൽ നടത്തും. സൈന്യവുമായി ബന്ധപ്പെട്ട പരിഷ്കരണ നിർദ്ദേശങ്ങൾ, പുതിയ ആശയങ്ങൾ, സംരംഭങ്ങൾ, സംയുക്ത പ്രവർത്തനങ്ങൾ തുടങ്ങിയ വിഷയങ്ങൾ യോഗം ചർച്ച ചെയ്യും. ദിവസം മുഴുവൻ നീളുന്ന ചർച്ചകൾക്ക് സംയുക്ത സേനാ മേധാവി ജനറൽ അനിൽ ചൗഹാൻ അധ്യക്ഷനായിരിക്കും. മൂന്ന് സേനാ വിഭാഗങ്ങളുടെയും മറ്റ് സംവിധാനങ്ങളുടെയും ആദ്യ സംയുക്ത സമ്മേളനമാണിത്.

✪✪✪

പാഠപുസ്തകങ്ങളുടെ പകർപ്പവകാശ ലംഘന ത്തിനെതിരെ NCERT മുന്നറിയിപ്പ് നൽകി. വ്യക്തികളോ സ്ഥാപനങ്ങളോ പാഠപുസ്തക ഭാഗങ്ങൾ അനുവാദമില്ലാതെ വാണിജ്യാവശ്യത്തിന് ഉപയോഗിച്ചാൽ നിയമ നടപടികൾ നേരിടേണ്ടി വരുമെന്ന് മുന്നറിയിപ്പിൽ പറയുന്നു. പകർപ്പവകാശം ലംഘിച്ച് ഇറക്കുന്ന പുസ്തകങ്ങളിലെ ഉള്ളടക്കം പലപ്പോഴും തെറ്റാകാൻ സാധ്യതയുണ്ടെന്നും അത്തരം പുസ്തകങ്ങളോ വർക്ക് ബുക്കുകളോ ഉപയോഗിക്കരുതെന്നും NCERT നിർദ്ദേശിച്ചു. അനുമതിയില്ലാതെ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളെപ്പറ്റി വിവരം ലഭിച്ചാൽ NCERT-യെ അറിയിക്കണമെന്നും അവർ ആവശ്യപ്പെട്ടു.

✪✪✪

സംസ്ഥാന സിലബസിന് കീഴിലെ  സ്കൂളുകളിൽ അവധിക്കാല ക്ലാസുകൾ ഒഴിവാക്കണമെന്ന്  മന്ത്രി V.ശിവൻകുട്ടി പറഞ്ഞു. ഇത് സംബന്ധിച്ച് നിരവധി പരാതികൾ രക്ഷകർത്താക്കളിൽ നിന്നും വിദ്യാർത്ഥികളിൽ നിന്നും ലഭിച്ചിട്ടുണ്ടെന്നും മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

കടുത്ത വേനലാണ് ഇപ്പോൾ അനുഭവപ്പെടുന്നത്. കുട്ടികൾക്ക് താങ്ങാൻ ആവാത്ത ചൂടാണിത്. അത് അവരിൽ മാനസികവും ശാരീരികവുമായ ബുദ്ധിമുട്ടുണ്ടാക്കുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

വിശുദ്ധ റമദാൻ മാസം  അവസാനത്തോട് അടുത്തതോടെ,  ഈദ് ഉൽ ഫിത്തർ ആഘോഷത്തിന്  വിശ്വാസികൾ തയ്യാറെടുക്കുകയാണ്. സംസ്ഥാനത്ത് നാളെ മാസപ്പിറവി കണ്ടാൽ മറ്റന്നാളായിരിക്കും  ചെറിയ പെരുന്നാൾ.  അല്ലാത്തപക്ഷം റമദാൻ മുപ്പത് പൂർത്തിയാക്കി വ്യാഴാഴ്ച പെരുന്നാൾ ആഘോഷിക്കും.

ഈദുൽ ഫിത്തർ സംബന്ധിച്ച ഏകീകൃത തീരുമാനമെടുക്കാൻ ഇമാമുമാരുടെയും മഹല്ല് ഭാരവാഹികളുടെയും പ്രത്യേക യോഗം നാളെ വൈകിട്ട് തിരുവനന്തപുരത്തെ പാളയം ജുമാ മസ്ജിദിൽ ചേരും.

✪✪✪

പൂക്കോട് വെറ്ററിനറി കോളജ് വിദ്യാർഥി J.S സിദ്ധാർഥന്റെ മരണത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ തെളിവെടുപ്പ് ഇന്ന് തുടങ്ങും. സർവകലാശാലയുടെ പൂക്കോട് കാമ്പസിൽ അഞ്ച് ദിവസം തങ്ങിയാണ് കമ്മീഷൻ തെളിവെടുപ്പ് പൂർത്തിയാക്കുക. വിദ്യാർഥികൾ, അധ്യാപകർ, ഹോസ്റ്റൽ ജീവനക്കാർ, ആന്റി റാഗിംഗ് കമ്മിറ്റി അംഗങ്ങൾ

തുടങ്ങിയവരുടെ മൊഴി രേഖപ്പെടുത്തും. സിദ്ധാർഥന്റെ പിതാവ് ജയപ്രകാശിന്റെ പരാതിയിലാണ് കമ്മീഷൻ കേസെടുത്തത്.

സിദ്ധാർഥന്റെ മരണത്തിൽ CBI അന്വേഷണം തുടരുകയാണ്. ഇന്നലെ കാമ്പസിലെത്തിയ CBI സംഘം സിദ്ധാർഥൻ പീഡനത്തിന് ഇരയായ ഹോസ്റ്റൽ നടുമുറ്റം, മുറികൾ, കെട്ടിത്തൂങ്ങിയ നിലയിൽ കണ്ട ശുചിമുറി എന്നിവിടങ്ങളിൽ പരിശോധന നടത്തി.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ്, കൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ചെന്നൈ MA ചിദംബരം സ്റ്റേഡിയത്തിലാണ് മത്സരം.

ഇന്നലെ ലഖ്നൗവിൽ ലഖ്നൗ സൂപ്പർ ജയന്റ്സ്, ഗുജറാത്ത് ടൈറ്റൺസിനെ പരാജയപ്പെടുത്തി. മുംബൈ വാങ്കഡെ സ്റ്റേഡിയത്തിൽ ആദ്യ മത്സരത്തിൽ മുംബൈ ഇന്ത്യൻസ് ഡൽഹി കാപ്പിറ്റൽസിനെയും തോൽപ്പിച്ചു.

✪✪✪

ഇന്ത്യൻ ടെന്നിസ് താരം സുമിത് നാഗൽ 42 വർഷത്തിനിടെ മോണ്ടി കാർലോ മാസ്റ്റേഴ്സ് ടെന്നിസ് സിംഗിൾസ് മെയിൻ ഡ്രോയിൽ പ്രവേശിക്കുന്ന ആദ്യ ഇന്ത്യൻ താരമായി. അർജന്റീനൻ താരം ഫകുണ്ടോ ഡയസ് അക്കോസ്റ്റയെ തോൽപ്പിച്ചാണ് സുമിതിന്റെ ഈ നേട്ടം. മെയിൻ ഡ്രോയുടെ ആദ്യ റൗണ്ടിൽ, ക്ലേ കോർട്ട് ടൂർണമെന്റിൽ ഇറ്റലിയൻ താരം അർണാൾഡിയോയെ സുമിത് നേരിടും.

✪✪✪

കേരള സ്റ്റേറ്റ് ചെസ്സ് ടെക്നിക്കൽ കമ്മിറ്റി സംഘടിപ്പിച്ച കോഴിക്കോട് ജില്ലാ അണ്ടർ 17 ഓപ്പൺ & ഗേൾസ് സെലക്ഷൻ ചാമ്പ്യൻഷിപ്പിൽ ഓപ്പൺ വിഭാഗത്തിൽ സത്യജിത്തും പെൺകുട്ടികളുടെ വിഭാഗത്തിൽ അൻവിത R പ്രവീണും ചാമ്പ്യൻമാരായി. ഓപ്പൺ വിഭാഗത്തിൽ സയിം ഷാനവാസും പെൺകുട്ടികളുടെ വിഭാഗത്തിൽ ആവണി കൃഷ്ണയും രണ്ടാം സ്ഥാനം നേടി.

തൃശൂരിൽ വ്യാഴം വെള്ളി ദിവസങ്ങളിൽ നടക്കുന്ന സംസ്ഥാന ചെസ്സ് ചാമ്പ്യൻഷിപ്പിൽ ഇവർ കോഴിക്കോട് ജില്ലയ്ക്ക് വേണ്ടി പങ്കെടുക്കും.

✪✪✪

സംസ്ഥാനത്ത് വ്യാഴാഴ്ച വരെ സാധാരണയെക്കാൾ 2 മുതൽ 4 ഡിഗ്രി സെൽഷ്യസ് താപനില ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ

വകുപ്പ് മുന്നറിയിപ്പ് നൽകി. പാലക്കാട് ജില്ലയിൽ 41 ഡിഗ്രി സെൽഷ്യസ് വരെയും, കൊല്ലം ജില്ലയിൽ 40 ഡിഗ്രി വരെയും തൃശൂർ ജില്ലയിൽ 39 ഡിഗ്രി വരെയും, കണ്ണൂർ, കോഴിക്കോട്, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ 38 ഡിഗ്രി വരെയും താപനില ഉയരും. എറണാകുളം, ആലപ്പുഴ ജില്ലകളിൽ താപനില 37 ഡിഗ്രി വരെയും, തിരുവനന്തപുരം, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ താപനില 36 ഡിഗ്രി വരെയും ഉയരാൻ സാധ്യതയുണ്ടെന്നും കാലവസ്ഥാ വകുപ്പ് അറിയിച്ചു.

✪✪✪

ഇന്ന് സമ്പൂർണ്ണ സൂര്യഗ്രഹണം. ചന്ദ്രൻ ഭൂമിക്കും സൂര്യനും ഇടയിലൂടെ കടന്നു പോകുമ്പാഴാണ് സമ്പൂർണ്ണ സൂര്യഗ്രഹണമുണ്ടാകുന്നത്. എന്നാൽ ഇന്ത്യയിൽ സൂര്യഗ്രഹണം ദൃശ്യമാകില്ല.

ഇന്ത്യൻ സമയം രാത്രി 9.12നും നാളെ പുലർച്ചെ 2.22നും ഇടയിലാണ് സമ്പൂർണ്ണ സൂര്യഗ്രഹണം. നാസയുടെ തൽസമയ വെബ്കാസ്റ്റിലൂടെ സൂര്യഗ്രഹണം കാണാൻ സാധിക്കും. 2017 ലാണ് അവസാനമായി സമ്പൂർണ സൂര്യഗ്രഹണം ഉണ്ടായത്.

സമ്പൂർണ്ണ സൂര്യഗ്രഹണത്തിന്റെ തത്സമയ സംപ്രേഷണം സ്ക്രീനിൽ കാണുന്നതിന് ഇന്ന് രാത്രി 9.30 മുതൽ 12 വരെ തിരുവനന്തപുരത്തെ സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ അവസരം ഒരുക്കും. പ്രവേശനം സൗജന്യമാണ്.

✪✪✪

സ്വർണ വില ഇന്നും വർദ്ധിച്ചു. പവന് വില 240 രൂപ കൂടി 52,520 രൂപയായി. 6,565രൂപയാണ് ഗ്രാമിന്റെ വില.

✪✪✪